പരമ്പരാഗത കരകൗശല മേഖലയിൽ ആധുനിക മെഷീനറികളും ഉപകരണങ്ങളും സ്ഥാപിക്കുക, പരിശീലന പരിപാടികളിലൂടെ ആധുനികവൽക്കരണത്തിന്റെയും വൈദഗ്ധ്യ വികസനത്തിന്റെയും ആവശ്യം ഈ മേഖലയിൽ പണിയെടുക്കുന്നവരെ ബോദ്ധ്യപ്പെടുത്തി അത് പ്രയോജനപ്പെടുത്തുവാൻ അവരെ പ്രാപ്തരാക്കുക, ഉപഭോക്താവിന്റെ അഭിരുചിക്കനുസരിച്ച് പുതുമയുള്ള ഡിസൈൻ പ്രകാരം പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുക, പ്രദർശന വിൽപ്പനകൾ, ക്രാഫ്റ്റ്സ് ബസാറുകൾ എന്നിവ കൂടുതൽ വിപുലമായ രീതിയിൽ സംഘടിപ്പിക്കുക എന്നിവയ്ക്കായി പദ്ധതികൾക്ക് രൂപം നൽകിവരുന്നു.

ഖാദി മേഖലയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ചെന്നൈ ഐ.ഐ.റ്റി.-യുടെ സാങ്കേതിക സഹായത്തോടെ ഉൽപ്പാദനോപകരണങ്ങളായ ചർക്കയുടേയും തറികളുടേയും ആധുനികവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ ഉദ്ദേശിക്കുന്നുണ്ട്.

കയർ മേഖലയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആധുനിക ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ വികസിപ്പിച്ചുവരുന്നു. അടൂർ കിൻഫ്ര പാർക്കിൽ കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആധുനിക പി.വി.സി ടഫ്റ്റഡ് ഉൾപ്പെടെയുള്ള സംയോജിത യൂണിറ്റ് സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചു. കയർ മാറ്റ്സ് & മാറ്റിംഗ്സ് ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള കയർ ലൂമും വികസിപ്പിച്ചു വരുന്നു.

## പുറത്തുനിന്നുള്ള വൈദ്യുതി ലഭ്യത

**15 (*645)** ശ്രീ. തോമസ് ചാണ്ടി :
ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുറത്തുനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിയുടെ ലഭ്യതയിൽ ഉണ്ടാകുന്ന കുറവാണ് വൈദ്യുതി ബോർഡ് നേരിടുന്ന പ്രധാന പ്രശ്നമെന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) മൂന്നുവർഷത്തേക്ക് 400 മെഗാവാട്ട് വൈദ്യുതി പുറത്തുനിന്ന് കൊണ്ടു വരുന്നതിനായി വൈദ്യുതി ബോർഡ് പവർഗ്രിഡ് കോർപ്പറേഷന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും തക്കസമയത്ത് തുടർ നടപടി സ്വീകരിക്കാതിരുന്നതിനാൽ പവർഗ്രിഡ് കോർപ്പറേഷൻ അപേക്ഷ പരിഗണിച്ചില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് ഉത്തരവാദി ആരാണെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പവർഗ്രിഡ് കോർപ്പറേഷന്റെ നയം മാറ്റവും കെ.എസ്.ഇ.ബി.-യുടെ അനാസ്ഥയും ബോർഡിലെ ആസൂത്രണ വിഭാഗത്തിന്റെ കാര്യക്ഷമതയില്ലായ്മയുംമൂലമാണ് പ്രസ്തുത അപേക്ഷ പരിഗണിക്കപ്പെടാതിരുന്നതെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനാവശ്യമായ ആഭ്യന്തര ഉൽപ്പാദനശേഷി ഇല്ലായെന്നുള്ളതാണ് സംസ്ഥാന വൈദ്യുതി ബോർഡ് നേരിടുന്ന പ്രധാന പ്രതിസന്ധി. നിലവിലുള്ള ആഭ്യന്തര ഉൽപ്പാദനശേഷിയും കേന്ദ്ര വൈദ്യുതി വിഹിതവും ചേർന്നാലും നമ്മുടെ പീക്ക് ആവശ്യകത നേരിടുന്നതിന് പര്യാപ്തമാകുകയില്ല. അതിനാൽ പുറത്തുനിന്നുള്ള വൈദ്യുതി എത്തിക്കേണ്ടതായി വരുന്നു. എന്നാൽ പ്രസരണ ശൃംഖലയുടെ പ്രധാനമായും അന്തർ സംസ്ഥാന പ്രസരണ ശൃംഖലയുടെ ലഭ്യതക്കുറവുമൂലം പലപ്പോഴും ആവശ്യമായ അളവിൽ വൈദ്യുതി ലഭ്യമാകാറില്ല.

(ബി&സി) 400 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനായി NVVN ലിമിറ്റഡ്, PTC ഇന്ത്യ ലിമിറ്റഡ് എന്നീ വ്യാപാരികളുമായി വൈദ്യുതി ബോർഡ് ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം ആവശ്യമുള്ള പ്രസരണ ഇടനാഴി അനുവദിക്കുന്നതിനുള്ള അപേക്ഷ NVVN-ഉം PTC-യും പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിനു (PGCIL) മുമ്പാകെ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് 2013 ഓഗസ്റ്റ് മാസം 8-ാം തീയതി PGCIL പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം NVVN-നു കേരളത്തിലേയ്ക്ക് 3 മെഗാവാട്ട് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള അനുമതി മാത്രമാണ് ലഭിച്ചത്. പി.റ്റി.സി.-യ്ക്ക് പ്രസരണ ഇടനാഴി അനുവദിക്കപ്പെട്ടതുമില്ല. എന്നാൽ സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (CERC) പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും വിരുദ്ധമായി PGCIL കൈക്കൊണ്ട തീരുമാനങ്ങൾക്കെതിരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് CERC മുമ്പാകെ ഹർജി ഫയൽ ചെയ്യുകയും ബോർഡിന് അനുകൂലമായി വിധി നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം PTC-യ്ക്ക് 100 മെഗാവാട്ടും NVVN-നു 297 മെഗാവാട്ടും വൈദ്യുതി കേരളത്തിൽ എത്തിക്കുന്നതിനുള്ള പ്രസരണ ഇടനാഴി അനുവദിച്ചുകൊണ്ട് PGCIL ഉത്തരവിറക്കിയിട്ടുണ്ട്. പ്രസരണ ലൈൻ ഉറപ്പാക്കുന്നതിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഭാഗത്തുനിന്നും അനാസ്ഥയൊന്നും ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly